# വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(സാന്നിദ്ധ്യം: പ്രിയങ്ക. ജി. ഐ എ എസ്)**

വിഷയം : വനിത ശിശു വികസന വകുപ്പ് – നാഷണൽ ക്രഷ് സ്കീം – NGO ക്രഷ് – 2022 മാർച്ച് മുതൽ ഡിസംബർ വരെയുള്ള ഓണറേറിയം ഗ്രാന്റ് (അധിക സംസ്ഥാന വിഹിതം) – ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) സ.ഉ (ആർ.റ്റി) നം.174/2020/സാ.നീ.വ, തീയതി 31/03/2020
2) സ. ഉ. (സാധാ) നം. 269/2022/WCDD, തീയതി : 28/05/2022

---

**ഉത്തരവ് നം. DWCD/1097/2022-ICDSB7** **തീയതി: 16.08.2022**

---

നാഷണൽ ക്രഷ് സ്കീം പ്രകാരം സംസ്ഥനത്ത് പ്രവർത്തിച്ചുവരുന്ന ക്രഷുകൾക്ക് കേന്ദ്ര സർക്കാർ – 60%, സംസ്ഥാന സർക്കാർ – 30%, NGOs – 10% എന്ന അനുപാതത്തിൽ ഗ്രാന്റ് നൽകിവരുന്നു. പ്രസ്തുത സ്കീം പ്രകാരം പ്രവർത്തിക്കുന്ന ക്രഷുകളിലെ വർക്കർ, ഹെൽപ്പർമാരുടെ ഓണറേറിയത്തിൽ സംസ്ഥാന സർക്കാർ വിഹിതമായി യഥാക്രമം 1000/-, 500/- രൂപ (പ്രതിമാസം) വർദ്ധിപ്പിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവാകുകയും 2022 ഫെബ്രുവരി മാസം വരെയുള്ള Enhanced State Share Honorarium ഗ്രാന്റ് ക്രഷുകൾക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ 2022 മാർച്ച് മുതൽ 2023 ഫെബ്രുവരി മാസം വരെയുള്ള ഗ്രാന്റ് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2022 മാർച്ച് മുതൽ ഡിസംബർ വരെയുള്ള ഓണറേറിയം ഗ്രാന്റ് (അധിക സംസ്ഥാന വിഹിതം) NGO ക്രഷുകൾക്ക് നൽകുന്നതിനായി ചുവടെ പരാമർശിക്കും പ്രകാരം ഫണ്ട് അനുവദിച്ചു ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ക്രഷുകളുടെ എണ്ണം | അനുവദിക്കുന്ന തുക (ക്രഷ് ഒന്നിന് 1500/- രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് 15,000 രൂപ വീതം) |
|---|---|---|---|
| 1. | തിരുവനന്തപുരം | 40 | 6,00,000 |
| 2. | കൊല്ലം | 7 | 1,05,000 |
| 3. | ആലപ്പുഴ | 18 | 2,70,000 |
| 4. | കോട്ടയം | 23 | 3,45,000 |

| | | | |
|---|---|---|---|
| 5. | ഇടുക്കി | 14 | 2,10,000 |
| 6. | എറണാകുളം | 23 | 3,45,000 |
| 7. | തൃശ്ശൂർ | 16 | 2,40,000 |
| 8. | പാലക്കാട് | 10 | 1,50,000 |
| 9. | മലപ്പുറം | 12 | 1,80,000 |
| 10. | കോഴിക്കോട് | 3 | 45,000 |
| 11. | വയനാട് | 5 | 75,000 |
| | ആകെ | 171 | 25,65,000 |

**ആകെ – 25,65,000/- (ഇരുപത്തി അഞ്ച് ലക്ഷത്തി അറുപത്തി അയ്യായിരം രൂപ മാത്രം)**

ടി ഫണ്ട് ജില്ല വനിത ശിശുവികസന ഓഫീസർമാർ ബന്ധപ്പെട്ട CDPO മാർക്ക് കൈമാറേണ്ടതും ചുവടെ പരാമർശിക്കുന്ന നിബന്ധനകൾക്ക് വിധേയമായി CDPOമാർ NGO കൾക്ക് തുക അനുവദിച്ച് നൽകേണ്ടതുമാണ്.

1. മേൽ ഫണ്ട് റിലീസിൽ നിന്നും 2022 മാർച്ച് മുതൽ ജൂലൈ വരെയുള്ള 5 മാസത്തെ ഗ്രാന്റ് ഉടൻ തന്നെ ക്രഷുകൾക്ക് കൈമാറേണ്ടതാണ്. അത് കഴിഞ്ഞുള്ള ഓരോ മാസത്തെയും ഓണറേറിയം തൊട്ടടുത്ത മാസാദ്യം തന്നെ ക്രഷുകൾക്ക് കൈമാറി നൽകേണ്ടതുമാണ്.
2. ക്രഷുകൾ നടത്തുന്ന NGOകൾ NGO-DARPAN പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത പോർട്ടലിൽ നിന്നും ലഭിച്ച Unique ID, ഭാരവാഹികളുടെ Aadhar No., PAN No., Mobile No., E-mail Id., എന്നിവ ICDS ഓഫീസിൽ ലഭ്യമായിട്ടുണ്ടെന്ന് ഗ്രാന്റ് വിതരണത്തിന് മുമ്പ് CDPO മാർ ഉറപ്പാക്കേണ്ടതും ഇത് സംബന്ധിച്ച സാക്ഷ്യപത്രം ധന വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം CDPO മാർ ജില്ല വനിത ശിശുവികസന ഓഫീസർമാർക്കു സമർപ്പിക്കേണ്ടതുമാണ്.
3. NGO കൾക്ക് അർഹതപ്പെട്ട തുക ക്രഷിനായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിലൂടെ മാത്രം കൈമാറേണ്ടതും പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച NGO യുടെ സാക്ഷ്യപത്രത്തോടൊപ്പം CDPO മാരുടെ ധന വിനിയോഗ സാക്ഷ്യപത്രം, ക്രഷ് വൈസ് സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടെ ബന്ധപ്പെട്ട ജില്ല വനിത ശിശുവികസന ഓഫീസർമാർക്കു CDPO മാർ നല്കേണ്ടതും, അവ ക്രോഡീകരിച്ച് ജില്ല വനിത ശിശുവികസന ഓഫീസർമാർ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. CDPO മാർ

നൽകുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച ക്രഷ് വൈസ് സ്റ്റേറ്റ്മെന്റ്, ജില്ലാ തല UC എന്നിവ മാത്രം ജില്ല വനിത ശിശുവികസന ഓഫീസർമാർ ഡയറക്ടറേറ്റിലേയ്ക്ക് അയച്ചാൽ മതിയാകും. ബാക്കി രേഖകൾ ജില്ല വനിത ശിശുവികസന ഓഫീസിൽ തന്നെ സൂക്ഷിക്കേണ്ടതും ഓഡിറ്റ് പരിശോധനകൾക്ക് ഹാജരാക്കേണ്ടതുമാണ്.

4. നിലവിൽ ഫണ്ട് അനുവദിക്കുന്ന 171 ക്രഷുകളിൽ പൂർണമായും പ്രവർത്തനം നിറുത്തിയ ക്രഷുകൾ ഉണ്ടെങ്കിൽ അവ പ്രവർത്തിച്ചിരുന്ന കാലയളവ് വരെയുള്ള അനുവദനീയം ആയ ഗ്രാന്റ് നൽകേണ്ടതും ബാക്കി തുക സറണ്ടർ ചെയ്യേണ്ടതും, UC യോടൊപ്പം സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റിൽ വ്യക്തമാക്കേണ്ടതുമാണ്.

ഇതിലേയ്ക്ക് ആവശ്യമായ ആകെ 25,65,000/- (ഇരുപത്തി അഞ്ച് ലക്ഷത്തി അറുപത്തി അയ്യായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് ശീർഷകമായ 2235-02-102-42 (P) നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശുവികസന ഡയറക്ടർ

ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക്

പകർപ്പ് - 1. സൂപ്രണ്ട് - എ സെക്ഷൻ
2. സൂപ്രണ്ട് - പ്ലാനിംഗ് സെൽ
3. ബന്ധപ്പെട്ട CDPO മാർക്ക്
4. NGO കൾക്ക് (CDPO മാർ മുഖേനെ)
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്